# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.217/PR/PIC/PHQ/18 Date 24.08.2018

## പോലീസിന് അഭിനന്ദനവുമായി വിവിധ സംഘടനകൾ

പ്രളയക്കെടുതിയിൽ നിന്നും ലക്ഷക്കണക്കിനാളുകളുടെ ജീവൻ രക്ഷിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ പങ്കു വഹിച്ച കേരള പോലീസ് അഭിനന്ദനവുമായി വ്യാപാര വ്യവസായ  മാനേജ്മെന്റ് മേഖലകളിലേയും ചലച്ചിത്രരംഗത്തെയും വിവിധ സംഘടനകൾ പോലീസ് ആസ്ഥാനത്ത് എത്തി. മികച്ച പ്രവർത്തനത്തിന്റെ അംഗീകാരമായി പോലീസിനുള്ള മെമന്റോ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയ്ക്കു കൈമാറി.

ദുരന്തമേഖലകളിലെ 12 ലക്ഷത്തോളം പേരെ 3300 ദുരിതാശ്വാസ ക്യാമ്പുകളിൽ സുരക്ഷിതമായി  എത്തിക്കുന്നതിലും ക്യാമ്പുകളിലുൾപ്പെടെ സുരക്ഷ ഉറപ്പാക്കുന്നതിലും വിവിധ ഏജൻസികൾക്കൊപ്പം ഏറ്റവും മാതൃകാപരമായ സേവനമാണ് കേരള പോലീസിൽ നിന്നുണ്ടായതെന്ന് സംഘടനാ പ്രതിനിധികൾ പറഞ്ഞു.  അപ്രതീക്ഷിതവും സമീപ കാല ചരിത്രത്തിലെ ഏറ്റവും വലിയതുമായ പ്രളയം നേരിടുന്നതിൽ  അസാമാന്യമായ ധീരതയും നേതൃപാടവവുമാണ് സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ പ്രദർശിപ്പിച്ചത്. മറ്റു ഭരണ സംവിധാനങ്ങൾക്കൊപ്പം ഏറ്റവും മുൻപന്തിയിൽ നിന്ന് അതിന്  വലിയ പിൻതുണ നൽകാൻ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ കേരളപോലീസിനു കഴിഞ്ഞു. നമ്മുടെ പോലീസ് സേന രാജ്യത്തിനാകെ മാതൃകാപരമായ പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നതെന്ന് ട്രിവാൻഡ്രം ചേംബർ ഒഫ് കോമേഴ്സ് പ്രസിഡന്റ്  എസ്.എൻ രഘുചന്ദ്രൻ നായരും ട്രിവാൻഡ്രം അജണ്ടാ ടാസ്ക് ഫോഴ്സ് ചെയർമാൻ വി.കെ . മാത്യൂസും പറഞ്ഞു.  പഴയകാലത്തെ പരുക്കൻ പോലീസിൽ നിന്നുള്ള ഈ മാറ്റത്തിൽ ഏറെ അഭിമാനം ഉണ്ടെന്ന് ചലച്ചിത്രതാരം മണിയൻപിള്ള രാജു പറഞ്ഞു.

സ്വന്തം ജിവൻ പോലും അവഗണിച്ച് രക്ഷാപ്രവർത്തനത്തിനിറങ്ങിയ സംസ്ഥാനത്തങ്ങോളമിങ്ങോളമുള്ള സേനാംഗങ്ങൾക്കുള്ളതാണ് ഈ അംഗീകാരമെന്നു സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും വിവിധ ദുരന്തനിവാരണ അതോറിട്ടിയും വിവിധ സർക്കാർ സംവിധാനങ്ങളും ആർമിയും  നേവിയും എയർഫോഴ്സും മറ്റു സൈനിക വിഭാ

ഗങ്ങളും സന്നദ്ധ സംഘടനകളും എല്ലാവരും ചേർന്ന കൂട്ടായ്മയിലാണ് രക്ഷാ പ്രവർത്തനം വിജയിച്ചത്. അതിൽ പോലീസിനു മുന്നിൽ നിന്നു പ്രവർത്തിക്കാനായതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ പ്രവർത്തനങ്ങൾ വരും ദിനങ്ങളിലും തുടരും- അദ്ദേഹം പറഞ്ഞു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ട്രിവാൻഡ്രം അജണ്ടാ ടാസ്ക് ഫോഴ്സിലെ ശ്രീ. കെ. മാത്യൂസ്, കോൺഫെഡറേഷൻ ഓഫ് ടൂറിസം ഇൻഡസ്ട്രി ചെയർമാൻ ഇ.എം. നജീബ്, സി.ഐ.ഐ. ചെയർമാൻ എം.ആർ. നാരായണൻ , ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർകിടെക്റ്റ്സ് പ്രതിനിധി എൻ. മഹേഷ്, ട്രിവാൻഡ്രം ഫിലിം ഫ്രട്ടേണിറ്റി പ്രതിനിധി മണിയൻപിള്ള രാജു, ട്രിവാൻഡ്രം മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ഉണ്ണിക്കൃഷ്ണൻ, ‘ ക്രഡായി ‘ ( CREDAI ) ട്രിവാൻഡ്രം സെക്രട്ടറി പി. പ്രദീപ്, ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇൻഡ്യ ട്രിവാൻഡ്രം ചെയർമാൻ സുരേഷ് കുമാർ , കേരള അഡ്വർടൈസിംഗ് ഏജൻറ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ശാസ്തമംഗലം മോഹനൻ, കേരള വ്യാപാര വ്യവസായ ഏകോപന സമിതി തിരുവനന്തപുരം ജനറൽ സെക്രട്ടറി വൈ. വിജയൻ, കെ.എസ്.എസ്.ഐ.എ (KSSIA) തിരുവനന്തപുരം പ്രസിഡന്റ് കെ.ജി. മധു, അപ്പെക്സ ( APPEXA ) മുൻ റോട്ടറി ഗവർണ്ണർ സുരേഷ് മാത്യു കൂടാതെ എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ, ഐ.ജി. മനോജ് എബ്രഹാം, ഡി.ഐ.ജി. ഷെഫീൻ അഹമ്മദ്, വനിതാ ബറ്റാലിയൻ കമാന്റണ്ട് ആർ നിശാന്തിനി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

**********

ഫോട്ടോ ക്യാപ്ഷൻ .. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മികച്ച രീതിയിൽ പ്രവർത്തിച്ച കേരള പോലീസിനുള്ള മെമന്റോ വിവിധ സംഘടന ഭാരവാഹികൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റയ്ക്കു നൽകുന്നു.

*********************


N. RAMA IYER, IPS
SINGARAVELU IPS
STATE POLICE CHIEF